# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1808

06/07/2015 - ൽ മറുപടിക്ക്

## കോൾഡ് ചെയിൻ പദ്ധതി

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. വർക്കല കഹാർ
ശ്രീ. പാലോട് രവി
ശ്രീ. സണ്ണി ജോസഫ്

**മറുപടി**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) :

എ) മത്സ്യ വിഭവങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുവാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ;

(എ) മത്സ്യത്തിന്റെ ഗുണമേന്മ ഉറപ്പാക്കി, കേടുകൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടു കൂടി 75% കേന്ദ്ര സഹായത്തോടെ 'ഫ്രഷ് ഫിഷ് ടു ആൾ' എന്ന കേന്ദ്രാവിഷ്കൃത പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുകയായ 390.00 ലക്ഷം രൂപയിൽ 200.00 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും 20.00 ലക്ഷം രൂപ സംസ്ഥാന സർക്കാരും നൽകിയിട്ടുണ്ട്. 15 ഇൻസുലേറ്റഡ് ട്രക്കുകൾ, ഐസ് ബോക്സ് സംവിധാനത്തോടുകൂടിയ 200 ഇരുചക്ര വാഹനങ്ങൾ, ഐസ് ബോക്സ് സംവിധാനത്തോടുകൂടി 50 ഓട്ടോറിക്ഷകൾ എന്നിവ ഈ പദ്ധതിയിലൂടെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി 6 ഇൻസുലേറ്റഡ് ട്രക്കുകൾ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും പദ്ധതി പ്രകാരമുള്ള ബാക്കി ഇൻസുലേറ്റഡ് ട്രക്കുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം,

കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും ഇൻസുലേറ്റഡ് ബോക്സ് ഉൾക്കൊള്ളുന്ന ഇരുചക്ര വാഹനത്തിനായി 200 ഗുണഭോക്താക്കളെയും ഇൻസുലേറ്റഡ് ബോക്സ് ഉൾക്കൊള്ളുന്ന ആട്ടോറിക്ഷയ്ക്കായി 50 ഗുണഭോക്താക്കളെയും തെരഞ്ഞെടുത്തു. ഇതിൽ ഗുണഭോക്തൃവിഹിതം അടച്ച 130 പേർക്ക് ഇരുചക്ര വാഹനവും 22 പേർക്ക് ഓട്ടോറിക്ഷയും വിതരണം ചെയ്തു കഴിഞ്ഞു. പദ്ധതി പ്രകാരം ബാക്കിയുള്ള ഇരുചക്ര വാഹനങ്ങളും ഓട്ടോറിക്ഷകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) കോൾഡ് ചെയിൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതി എന്ന് മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) മത്സ്യവിഭവങ്ങളുടെ ഗുണമേന്മയും വിനിയോഗവും ഉറപ്പ് വരുത്തുന്നതിനായി കോൾഡ് ചെയിൻ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

(ബി) & (സി) മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയുള്ള മത്സ്യലഭ്യതയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കോൾഡ് ചെയിൻ പദ്ധതിക്ക് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ രൂപം നൽകിയിട്ടുണ്ട്. കോൾഡ് ചെയിൻ പദ്ധതി നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ടി പദ്ധതിയ്ക്ക് നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.